ദിൽഷനടിച്ചത് വെടിമരുന്ന്

ഉത്തേജക മരുന്ന് കഴിച്ചെന്ന് ആക്ഷേപിച്ചവർക്ക് ദിൽഷന്റെ വെടിക്കെട്ട് മറുപടി

■ ശ്രീലങ്ക 139 റണ്ണിന് സിംബാബ്‌വെയെ തോൽപ്പിച്ചു ■ ദിൽഷനും (144) തരംഗയ്ക്കും (133) സെഞ്ചറി ■ ഒന്നാം വിക്കറ്റിൽ റെക്കാഡ് കൂട്ടുകെട്ട് ■ ദിൽഷന് നാല് വിക്കറ്റും മാൻ ഒഫ് ദ മാച്ചും ■ ലങ്ക 327/ 6 ■ സിംബാബ്‌വെ 188

പല്ലക്കിലെ: ഉത്തേജക മരുന്ന് കഴിച്ചെന്ന് ആക്ഷേപിച്ച ലങ്കൻ പത്രങ്ങൾക്ക് ബാറ്റുകൊണ്ടും ബാളുകൊണ്ടും മറുപടി നൽകിയ തിലകരത്നെ ദിൽഷന്റെ ആൾ റൗണ്ട് മികവിൽ ശ്രീലങ്ക സിംബാബ്‌വെയെ139 റണ്ണിന് തകർത്ത് ലോകകപ്പ് ക്വാർട്ടറിൽ ചുവടുറപ്പിച്ചു.

ഇന്നലെ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ ലങ്ക ദിൽഷന്റെയും (144) ഉപുൽതരംഗയുടെയും (133) സെഞ്ചറികളുടെ മികവിൽ നിശ്ചിത 50 ഓവറിൽ 327 റണ്ണടിച്ചു. മറുപടിക്കിറങ്ങിയ സിംബാബ്‌വെ 39 ഓവറിൽ 188 റണ്ണിന് ആൾ ഔട്ടാവുകയായിരുന്നു. മൂന്നോവർ എറിഞ്ഞ ദിൽഷൻ നാലുവിക്കറ്റും സ്വന്തമാക്കിയാണ് മാൻ ഒഫ് ദ മാച്ചായത്. മൂന്നോവറിൽ നാലു റൺ മാത്രം വഴങ്ങിയായിരുന്നു നാലു വിക്കറ്റ്. മുരളീധരന് മൂന്ന് വിക്കറ്റ് ലഭിച്ചു.

ടോസ് നേടി ശ്രീലങ്കയെ ബാറ്റിംഗിന് വിളിച്ച സിംബാബ്‌വെയ്ക്ക് ആദ്യ വിക്കറ്റിനായി കാത്തിരിക്കേണ്ടിവന്നത് 268 പന്തുകളാണ്. ഒന്നാം വിക്കറ്റിൽ ലോകകപ്പിലെ ഏറ്റവും ഉയർന്നതും ഏകദിനത്തിലെ ഏതുവിക്കറ്റിലെയും നാലാമത്തെയും ഒന്നാം വിക്കറ്റിലെ രണ്ടാമത്തെയുമായ കൂട്ടുകെട്ടാണ് പല്ലെക്കിലെ സ്റ്റേഡിയത്തിൽ ഇന്നലെ ഉപുൽതരംഗയും ദിൽഷനും ചേർന്നെടുത്ത 282 റൺ. 1999 ലോകകപ്പിൽ പാകിസ്ഥാന്റെ സയീദ് അൻവറും വഖാറുള്ള വസീമും ചേർന്ന് ന്യൂസിലൻഡിനെതിരെ നേടിയ 194 റണ്ണിന്റെ കൂട്ടുകെട്ടാണ് തരംഗ-ദിൽഷൻ സഖ്യം മറികടന്നത്. ഏകദിനത്തിലെ ഏറ്റവും മികച്ച ഒന്നാം വിക്കറ്റ് കൂട്ടുകെട്ടായ 286-ന് നാലു റണ്ണകലെയാണ് ദിൽഷൻ- തരംഗ സഖ്യം പിരിഞ്ഞത്. ഉപുൽ തരംഗയും ജയസൂര്യയും ചേർന്ന് 2006-ൽ ലീഡ്സിൽ ഇംഗ്ലണ്ടിനെതിരെയാണ് ഈ കൂട്ടുകെട്ട് സൃഷ്ടിച്ചത്.

പനയംഗാര എറിഞ്ഞ രണ്ടാം ഓവറിൽ മൂന്നു ഫോറും ഒരു സിക്സുമടിച്ച ദിൽഷൻ തുടക്കത്തിൽ തന്നെ നയം വ്യക്തമാക്കി. തുടർന്ന് ഓരോ ഓവറിലും ഒരു ബൗണ്ടറിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞ കൂട്ടുകെട്ട് 39 പന്തിൽ 50-ലും 97 പന്തിൽ 100-ലുമെത്തി. ദിൽഷനാണ് ആദ്യം അർദ്ധസെഞ്ചറി തികച്ചത്. 43 പന്താണ് ഇതിനായി ദിൽഷന് വേണ്ടിവന്നത്. താരതമ്യേന പതിയെ കളിച്ച ഉപുൽ തരംഗ നേരിട്ട 67-ാമത്തെ പന്തിലാണ് അർദ്ധശതകം കണ്ടത്. 26-ാം ഓവറിൽ ലങ്ക 150 കടന്നു. തൊട്ടുപിറകെ ദിൽഷൻ സെഞ്ചറിയടിക്കുകയും ചെയ്തു. 95-ാമത്തെ പന്തിൽ നിന്നാണ് ദിൽഷൻ തന്റെ ആദ്യ ലോകകപ്പ് ശതകം കുറിച്ചത്. അതിനകം 13 ബൗണ്ടറികളും ഒരു സിക്സും ദിൽഷന്റെ ബാറ്റിൽ നിന്ന് പിറന്നിരുന്നു. ദിൽഷന്റെ ഒമ്പതാം ഏകദിന സെഞ്ചറിയാണിത്. 33-ാം ഓവറിലാണ് കൂട്ടുകെട്ട് ലോകകപ്പ് റെക്കാഡ് കുറിച്ചത്. തൊട്ടടുത്ത ഓവറിൽ ലങ്ക 200 ലെത്തുകയും ചെയ്തു.

സെഞ്ചറി തികച്ചശേഷം ദിൽഷൻ വേഗം കുറച്ചപ്പോൾ തരംഗ 99-ൽ നിൽക്കവെ പ്രൈസിനെ ബൗണ്ടറിയടിച്ച് തന്റെയും ആദ്യ ലോകകപ്പ് ശതകം സ്വന്തമാക്കി. 122 പന്തുകളെടുത്താണ് ഇടംകയ്യൻ ബാറ്റ്സ്മാനായ തരംഗ തന്റെ 10-ാം ഏകദിന സെഞ്ചറി നേടിയത്. സെഞ്ചറിക്കുശേഷം തരംഗയും വീശാൻ തുടങ്ങിയതോടെ ലങ്ക 350 കടക്കുമെന്ന വിശ്വാസം ശക്തമായി.

എന്നാൽ, പോഹു എറിഞ്ഞ 45-ാം ഓവറിൽ തരംഗ പുറത്തായി. 141 പന്ത് നേരിട്ട് 133 റണ്ണെടുത്ത തരംഗയെ ബൗണ്ടറിക്കരികിൽ ചിഗുംബുരയാണ് കൈയിലൊതുക്കിയത്. തരംഗ 17 ഫോറുകൾ പായിച്ചു.തുടർന്ന് ലങ്കൻ വിക്കറ്റുകൾ നിരനിരയായി വീഴ്ത്താൻ സിംബാബ്‌വെയ്ക്ക് കഴിഞ്ഞു. 46-ാം ഓവറിൽ ഉസേയയുടെ പന്തിൽ പനയംഗാരയ്ക്ക് ക്യാച്ച് നൽകി ദിൽഷനും മടങ്ങി. 131 പന്ത് നേരിട്ട് ദിൽഷൻ 16 ഫോറും ഒരു സിക്സുമടിച്ചു.

തുടർന്നിറങ്ങിയ തിസാര പെരേരയെ (3) 47-ാം ഓവറിൽ പ്രൈസ് ചിഗുംബാരയുടെ കൈയിൽ തന്നെ ഏല്പിച്ചതോടെ ലങ്ക 296/3 എന്ന നിലയിലായി. പോഹു എറിഞ്ഞ 48-ാം ഓവറിൽ ലങ്കയ്ക്ക് മൂന്നു വിക്കറ്റുകളാണ് നഷ്ടമായത്. ആദ്യ പന്തിൽ മഹേല (9) ചകാബെയ്ക്ക് ക്യാച്ച് നൽകി. മൂന്നാം പന്തിൽ മാത്യൂസ് (0) ചിഗുംബുരയ്ക്ക് ക്യാച്ച് നൽകി. അവസാന പന്തിൽ ചി

ദിൽഷൻ

മരസിൽവയുടെ (4) ക്യാച്ച് പനയംഗാരയ്ക്കായിരുന്നു. ഇതോടെ ലങ്ക 308/6 എന്ന നിലയിലായി. അവസാന രണ്ടോവറിൽ സംഗക്കാരയും (11) സമരവീരയും (8) ചേർന്ന് 19 റണ്ണെടുത്ത് ലങ്കയെ 327-ൽ എത്തിച്ചു.

മറുപടിക്കിറങ്ങിയ സിംബാബ്‌വെയും തകർത്തു കളിച്ചാണ് തുടങ്ങിയത്. ഒന്നാം വിക്കറ്റിൽ ബ്രണ്ടൻ ടെയ്‌ലറും (80) ചകാബെയും (35) ചേർന്ന് 19.5 ഓവറിൽ 116 റൺ അടിച്ചുകൂട്ടി. ചകാബെയെ ബൗൾഡാക്കി മുരളിയാണ് ആദ്യ പ്രഹരം നൽകിയത്. തുടർന്ന് തൈബുവിനെ (4) മാത്യൂസ് മടക്കി അയച്ചു. 25-ാം ഓവറിൽ ടീം സ്കോർ 132-ൽ വച്ച് ടെയ്‌ലറും മാത്യൂസിനിരയായതോടെ സിംബാബ്‌വെ പതറി. തുടർന്ന് 28-ാം ഓവറിൽ ഉസേയയെയും (4) 30-ാം ഓവറിൽ എർവിനെയും (17), ലാംബിനെയും (0) പുറത്താക്കിയ ദിൽഷൻ സിംബാബ്‌വെയെ 156/6 എന്ന നിലയിലാക്കി.

തുടർന്ന് ക്യാപ്റ്റൻ ചിഗുംബുരയെ (6) മുരളീധരൻ പെരേയുടെ കയ്യിലെത്തിച്ചു. എട്ടാം വിക്കറ്റിൽ 20 റൺ കൂട്ടിച്ചേർത്ത പ്രൈസ് (11)- ക്രെമർ സഖ്യം 200 കടത്താൻ ഒരുങ്ങിയെങ്കിലും പെരേര 37-ാം ഓവറിൽ ടീം സ്കോർ 185-ൽ വച്ച് എട്ടാമനായി പ്രൈസിനെ സമരവീരയുടെ കയ്യിലെത്തിച്ചു. 38-ാം ഓവറിൽ ദിൽഷൻ പനയംഗാരയെയും (0) എൽ.ബി.യിൽ കുരുക്കി തന്റെ നാലാം വിക്കറ്റ് സ്വന്തമാക്കി. 39-ാം ഓവറിന്റെ അവസാന പന്തിൽ മുരളീധരൻ പോപുവിനെ (1) ബൗൾഡാക്കിയതോടെ സിംബാബ്‌വെയുടെ കഥ കഴിഞ്ഞു.

സ്കോർ ബോർഡ്

ശ്രീലങ്ക ബാറ്റിംഗ്

ഉപുൽതരംഗ സി ചിഗുംബുര ബി പോഹു 133, ദിൽഷൻ സി പനയംഗാര ബി ഉസേയ 144, പെരേര സി ചിഗുംബുര ബി പ്രൈസ് 3, മഹേല സ് ചകാബ ബി പോപു 9, സംഗക്കാര നോട്ടൗട്ട് 11, മാത്യൂസ് സി ചിഗുംബുര ബി പോഹു 4, സമരവീര നോട്ടൗട്ട് 8. എക്സ്ട്രാസ് 15. ആകെ 50 ഓവറിൽ ആറു വിക്കറ്റിന് 327.

വിക്കറ്റ് വീഴ്ച: 1-282, 2-289, 3-296, 4-300, 5-302, 6-308

ബൗളിംഗ് : പോഹു 7-0-62-4, പനയംഗാര 6-0-51-0, പ്രൈസ് 9-1-46-1, ചിഗുംബുര 3-0-20-0, ഉസേയ 10-0-50-1, ക്രെമർ 7-0-42-0, ചാംബ് 8-0-51-0.

സിംബാബ്‌വെ ബാറ്റിംഗ്

ടെയ്‌ലർ സി മഹേല ബി മാത്യൂസ് 80, ചകാ ബെബി മുരളീധരൻ 35, തൈബു സി സംഗക്കാര ബി മാത്യൂസ് 4, ഉസേയ സ്റ്റംപ്ഡ് സംഗക്കാര ബി ദിൽഷൻ 4, എർവിൻ എൽ.ബി.ബി. ദിൽഷൻ 6, ചിഗുംബുര സി പെരേര ബി മുരളി, ലാംബ് സി മഹേല ബി ദിൽഷൻ 0, ക്രെമർ നോട്ടൗട്ട് 14, പ്രൈസ് സി സമരവീര ബി പെരേര 11, പനയംഗാര എൽ.ബി.ബി ദിൽഷൻ (0), പോഹു ബി മുരളി, എക്സ്ട്രാസ് 16, ആകെ 39 ഓവറിൽ 188 ആൾ ഔട്ട്. **വിക്കറ്റ് വീഴ്ച:** 1-116, 2-125, 3-132, 4-150, 5-156, 6-156, 7-165, 8-185, 9-185, 10-188.

ബൗളിംഗ് : മലിംഗ 8-0-51-0, കുലശേഖര 8-0-37-0, പെരേര 6--33-1, മുരളി 9-0-34-3, മാത്യൂസ് 5-0-29-2, ദിൽഷൻ 3-1-4-4.

പിയൂഷ് ചൗള

പിയൂഷിന് ധോണിയുടെ പിന്തുണ

ന്യൂഡൽഹി : ഹോളണ്ടിനെതിരായ മത്സരത്തിൽ പിയൂഷ് ചൗളയെത്തന്നെ സ്പിന്നറായി ഹർഭജനൊപ്പം കൂട്ടിയതിനെ ഇന്ത്യൻ ക്യാപ്ടൻ ധോണി ന്യായീകരിച്ചു. പിയൂഷിന് ആത്മവിശ്വാസം വീണ്ടെടുക്കാനുള്ള അവസരമായാണ് തങ്ങൾ മത്സരത്തെ കണ്ടതെന്നും അതിൽ വിജയം നേടാനായെന്നും ധോണി പറഞ്ഞു. അതേസമയം ടീമിലുള്ള സ്പിന്നർ രവിചന്ദർ അശ്വിന് ഉടൻ അവസരം നൽകുമെന്നും ധോണി പറഞ്ഞു.

താഹിർ നാളെ കളിച്ചേക്കില്ല

നാഗ്പൂർ : വിരലിന് പരിക്കേറ്റ ദക്ഷിണാഫ്രിക്ക സ്പിന്നർ ഇമ്രാൻ താഹിർ നാളെ ഇന്ത്യയ്ക്കെതിരെ കളിച്ചേക്കില്ല. താഹിറിന് 10 ദിവസത്തെ വിശ്രമമാണ് ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നത്.

ജോൺസ്ടണിന് പരിക്ക്

മൊഹാലി : ഇൻ ഫോം സീമർ ട്രെന്റ് ജോൺസ്ടണിന് പരിക്കേറ്റത് അയർലൻഡിനെ അലട്ടുന്നു. ഇന്ത്യയ്ക്കെതിരായ മത്സരത്തിൽ തുടക്കത്തിൽതന്നെ രണ്ട് വിക്കറ്റ് വീഴ്ത്തിയ ജോൺസണ് കാൽമുട്ടിനാണ് പരിക്ക്. ഇന്ന് വിൻഡീസിനെതിരെ ഈ 36 കാരൻ കളിക്കുന്ന കാര്യം സംശയത്തിലാണ്.

ഇന്ത്യയ്ക്ക് സാദ്ധ്യതയെന്ന് ക്ളാർക്ക്

ബാംഗ്ളൂർ : ലോകകപ്പ് നേടാൻ ഇപ്പോഴും ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് ഇന്ത്യയ്ക്കാണെന്ന് ആസ്ട്രേലിയൻ ഉപനായകൻ മൈക്കേൽ ക്ളാർക്ക്. ഇംഗ്ളണ്ടിനെതിരെ സമനിലയിൽ കുരുങ്ങേണ്ടിവന്നതും അയർലൻഡിനെയും ഹോളണ്ടിനെയും പോലുള്ള കുഞ്ഞന്മാർക്കെതിരെ വിജയം നേടാൻ ഏറെ വിയർപ്പൊഴുക്കേണ്ടിവന്നതുകൊണ്ട് ഇന്ത്യയെ എഴുതിത്തള്ളാൻ കഴിയില്ലെന്നാണ് ക്ളാർക്ക് കണക്കുകൂട്ടുന്നത്.

കൊച്ചി പിച്ച് ഈ മാസം പൂർത്തിയാകും

കൊച്ചി: ഐ.പി.എൽ ക്രിക്കറ്റ് മത്സരങ്ങൾക്ക് വേദിയാവുന്ന ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലെ പിച്ചിന്റെ നിർമാണം ഈ മാസം പൂർത്തിയാവുമെന്നാണ് പ്രതീക്ഷയെന്ന് ബി.സി.സി.ഐ ഗ്രൗണ്ട്സ് ആൻഡ് പിച്ച്സ് കമ്മിറ്റി ചെയർമാൻ വെങ്കട്ട് സുന്ദരം പറഞ്ഞു. പിച്ച് സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പിച്ചിന്റെ സ്വഭാവം മനസിലാക്കാൻ ഐ.പി.എൽ മത്സരങ്ങൾക്കു മുമ്പ് പരിശീലന മത്സരങ്ങൾ നടത്തണമെന്ന് അദ്ദേഹം നിർദേശിച്ചു.. മൂന്നു വർഷം മുമ്പ് താൻ സ്റ്റേഡിയം സന്ദർശിച്ചപ്പോൾ ഉണ്ടായിരുന്നതിലും മികച്ച സംവിധാനങ്ങളാണ് ഇപ്പോൾ ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കെ.സി.എ ഭാരവാഹികളായ കാർത്തിക് വർമ്മ, ജയേഷ് ജോർജ് എന്നിവരും സംഘത്തിലുണ്ടായിരുന്നു.

പോയിന്റ് നില

(ടീം, കളി, ജയം, തോൽവി, സമനില/ ഉപേക്ഷിച്ചത്, പോയിന്റ്, റൺറേറ്റ് എന്ന ക്രമത്തിൽ)

ഗ്രൂപ്പ് എ

ശ്രീലങ്ക	5	3	1	1	7	+ 2.705
കിവീസ്	4	3	1	0	6	+ 1.848
പാകിസ്ഥാൻ	4	3	1	0	6	+ 0.760
ആസ്ട്രേലിയ	3	2	0	1	5	+ 1.813
സിംബാബ്‌വെ	4	1	3	0	2	- 0.690
കാനഡ	4	1	3	0	2	- 2.873
കെനിയ	4	0	4	0	0	-4.825

ഗ്രൂപ്പ് ബി

ഇന്ത്യ	4	3	0	1	7	+ 0.992
ഇംഗ്ലണ്ട്	4	2	1	1	5	+ 0.054
വിൻഡീസ്	3	2	1	0	4	+ 2.667
ദ.ആഫ്രിക്ക	3	2	1	0	4	+ 1.754
അയർലൻഡ്	3	1	2	0	2	- 0.296
ബംഗ്ലാദേശ്	3	1	2	0	2	- 1.764
ഹോളണ്ട്	4	0	4	0	0	- 2.728

ഹോളണ്ടിനെതിരായ മത്സരത്തിൽ ഞങ്ങൾ നേരിട്ട സമ്മർദ്ദം ലോകകപ്പിൽ ഇനിയുള്ള മത്സരങ്ങളിൽ ഊർജ്ജം പകരും. മുൻനിര ബാറ്റ്സ്മാന്മാർ പുറത്തായതുകൊണ്ട് മദ്ധ്യനിര ബാറ്റ്സ്മാൻമാർക്ക് കൂടുതൽ നേരം ബാറ്റ് ചെയ്യാൻ അവസരം ലഭിച്ചുവെന്നത് ഒരു നേട്ടം തന്നെയാണ്.

ധോണി,
ഇന്ത്യൻ ക്യാപ്ടൻ

സ്വന്തം നാട്ടിൽ നടക്കുന്ന ലോകകപ്പിൽ കിരീടം നേടേണ്ടുന്നതിനാൽ ഇന്ത്യയ്ക്കായിരിക്കും ഞങ്ങളുമായുള്ള മത്സരത്തിൽ ഏറെ സമ്മർദ്ദം. എങ്കിലും ഞങ്ങളുടെ നാട്ടിൽ കളിച്ചതുപോലെയായിരിക്കില്ല ഇന്ത്യയെ ഇവിടെ വച്ച് നേരിടുന്നത്. നാഗ്പൂരിൽ ചേസിംഗ് ബുദ്ധിമുട്ടായതിനാൽ ടോസ് കിട്ടിയാൽ ബാറ്റിംഗ് തിരഞ്ഞെടുക്കും.

ഹാഷിം അല
ദക്ഷിണാഫ്രിക്കൻ
ബാറ്റ്സ്മാൻ

ഐറിഷ് വീര്യത്തിൽ വിൻഡീസ് വീഴുമോ?


സമി

മൊഹാലി : മോഹങ്ങൾ ഒരുപാടുണ്ട്, ഇന്ന് മൊഹാലിയിലിറങ്ങുന്ന ഐറിഷ് ക്രിക്കറ്റ് ടീമിന്റെ മനസിൽ. കഴിഞ്ഞ ലോകകപ്പിൽ സൂപ്പർ എട്ടിൽ കടന്നതുപോലെ ഇത്തവണ ക്വാർട്ടറിലേക്ക് കടക്കണമെന്നാണ് വില്യം പോർട്ടർഫീൽഡിന്റെയും കൂട്ടരുടെയും ആഗ്രഹം. അതിന് ഏറ്റവും അനുകൂലമായ സാഹചര്യമാണ് ഇന്നത്തെ മത്സരത്തിലുള്ളതെന്നും ഐറിഷ് വിപ്ലവകാരികൾ കരുതുന്നു. ബി ഗ്രൂപ്പിൽ മൂന്ന് കളികളിൽനിന്ന് നാല് പോയിന്റുമായി മൂന്നാംസ്ഥാനത്തുള്ള വിൻഡീസാണ് അയർലൻഡിന്റെ ഇന്നത്തെ എതിരാളികൾ.

ഇംഗ്ളണ്ടിനെതിരെ ബാഗ്ളൂരിൽ 327 റൺ ചേസ് ചെയ്ത് നേടിയ വിജയമാണ് അയർലൻഡിനെ ഈ ലോകകപ്പിലെ കറുത്ത കുതിരകളാക്കി മാറ്റിയത്. തുടർന്ന് ഇന്ത്യയ്ക്കെതിരെ തോറ്റെങ്കിലും അയർലൻഡുകാരുടെ പ്രകടനം ശ്രദ്ധിക്കപ്പെട്ടു.

അവസാനനിമിഷംവരെ പൊരുതാൻ കഴിവുള്ള ഒരുകൂട്ടം പടയാളികളാണ് പോർട്ടർ ഫീൽഡിന്റെ പക്കലുള്ളത്. ഈ ലോകകപ്പിലെ അതിവേഗ സെഞ്ചറി നേടിയ കെവിൻ ഒബ്രിയാൻ, സഹോദരൻ നിയാൽ ഒബ്രിയാൻ, സ്റ്റിർലിംഗ്, ജോയ്സ്, ബെറ്റ് തുടങ്ങിയവരൊക്കെ ബാറ്റുകൊണ്ട് അത്ഭുതം കാട്ടാൻ കഴിവുള്ളവരാണ്. മാച്ച് വിന്നർമാരായി അധികം പേരില്ലെങ്കിലും ഇന്ത്യയ്ക്കെതിരായ ബൗളിംഗും ശ്രദ്ധിക്കപ്പെട്ടു.

കരുത്തുറ്റ ബൗളിംഗ് നിരയാണ് വിൻഡീസിന്റെ പിൻബലം. ഹാട്രിക് ഉൾപ്പെടെ ആറ് വിക്കറ്റ് വീഴ്ത്തി ഹോളണ്ടിന്റെ കഥ കഴിച്ച കെമർ റോഷ്, സ്പിന്നർ സുലേമാൻ ബെൻ, ക്യാപ്ടൻ ഡാരൻ സമി, നികിത മില്ലർ എന്നിവരാണ് വിൻഡീസിന്റെ ബാറ്റിംഗ് ശക്തി.

ഡെയ്ൻബ്രാവോ പരിക്കേറ്റ് മടങ്ങിയെങ്കിലും ഡാരൻ ബ്രാവോ, ക്രിസ് ഗെയ്ൽ, ചന്ദർപോൾ, സർവൻ, പൊള്ളാഡ് എന്നിവർ ബാറ്റിംഗിൽ ശക്തി പകരുന്നു. ബംഗ്ലാദേശിനെതിരെ ജയിച്ചപ്പോൾ കിട്ടിയ കല്ലേറാണ് തങ്ങളുടെ ആത്മവിശ്വാസം കൂട്ടിയതെന്ന് വിൻഡീസ് ക്യാപ്ടൻ സമി പറയുന്നു.

ഇന്നത്തെ പോരാട്ടങ്ങൾ

വിൻഡീസ് Vs അയർലൻഡ്
(രാവിലെ 9.30 മുതൽ)

ഇംഗ്ളണ്ട് Vs ബംഗ്ളാദേശ്
(ഉച്ചയ്ക്ക് 2.30 മുതൽ)

പരിക്കേറ്റ ഇംഗ്ളണ്ടും വഴക്കേറ്റ ബംഗ്ളാദേശും

ചിറ്റഗോംഗ് : ബി ഗ്രൂപ്പിൽ രാവിലെ നടക്കുന്ന അയർലൻഡ്-വിൻഡീസ് മത്സരത്തിൽ അയർലൻഡ് ജയിച്ചാൽ ഏറ്റവുമധികം പ്രശ്നമുണ്ടാകുന്നത് ബംഗ്ളാദേശിനാണ്. അതിനാൽ ഉച്ചയ്ക്ക് ചിറ്റഗോംഗിൽ ഇംഗ്ളീഷുകാരെ നേരിടാനിറങ്ങുമ്പോഴും അതുകൊണ്ടു തന്നെ ഷാക്കിബ് ഹസന്റെയും കൂട്ടരുടെയും ഒരു കണ്ണ് മൊഹാലിയിലായിരിക്കും. നിലവാരമില്ലാത്ത പ്രകടനത്തിന്റെ പേരിൽ ആരാധകരുടെ വഴക്കേറ്റ വലഞ്ഞിരിക്കുകയാണ് ബംഗ്ലാദേശ്. ക്വാർട്ടർ ഫൈനലിന്റെ പടി കടക്കാതെ നാണംകെടുമോ എന്ന പേടിയോടെയാണ് ബംഗ്ളാദേശ് ഇന്ന് ഇംഗ്ളണ്ടിനെ നേരിടുന്നത്.

മൂന്ന് കളികളിൽനിന്ന് ഒരു വിജയം മാത്രമാണ് ബംഗ്ളാദേശിന് ഇതുവരെ നേടാനായത്. ആദ്യമത്സരത്തിൽ ഇന്ത്യയ്ക്കെതിരെയും മൂന്നാം മത്സരത്തിൽ വിൻഡീസിനെതിരെയുമാണ് ബംഗ്ളാദേശ് തോറ്റത്. അയർലൻഡിനോടു മാത്രമാണ് വിജയിച്ചത്. എന്നാൽ ബംഗ്ളാദേശിനോട് തോറ്റശേഷം അയർലൻഡ് ഇംഗ്ളണ്ടിനെ അട്ടിമറിച്ച് ശ്രദ്ധനേടി. ഈ തോൽവിക്ക് തൊട്ടുപിറകെ ദക്ഷിണാഫ്രിക്കയെ അട്ടിമറിച്ച ഇംഗ്ളണ്ട് അഞ്ച് പോയിന്റുമായി ഗ്രൂപ്പിൽ രണ്ടാംസ്ഥാനത്താണിപ്പോൾ. റൺറേറ്റിൽ അയർലൻഡിനെക്കാൾ പിന്നിലുള്ള ബംഗ്ളാദേശ് ഗ്രൂപ്പിൽ ആറാംസ്ഥാനത്താണ്.

തുറുപ്പ് ചീട്ടായ കെവിൻ പീറ്റേഴ്സൺ ഹെർണിയ ശസ്ത്രക്രിയയ്ക്കായി നാട്ടിലേക്ക് മടങ്ങിയതിന് തൊട്ടുപിന്നാലെ പേസർ സ്റ്റുവർട്ട് ബ്രോഡിനും പരിക്കേറ്റതാണ് ഇംഗ്ളണ്ടിനെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.

ഇരുവരുടെയും അഭാവം ഇംഗ്ളണ്ടിന്റെ മുന്നോട്ടുള്ള പോക്കിന് തന്നെ തിരിച്ചടിയായിട്ടുണ്ട്. പീറ്റേഴ്സണ് പകരം ഇയോൻ മോർഗനും ബ്രോഡിന് പകരം ട്രെംലെറ്റും ടീമിലെത്തിയിട്ടുണ്ട്. ദക്ഷിണാഫ്രിക്കയ്ക്കെതിരെ മാൻ ഒഫ് ദ മാച്ചായ രവി ബൊപ്പാറ, ജൊനാഥൻ ട്രോട്ട്, ഇയാൻ ബെൽ,സ്ട്രോസ്, കോളിംഗ്വുഡ് എന്നിവരിലാണ് ഇനി ഇംഗ്ളണ്ടിന്റെ ബാറ്റിംഗ് പ്രതീക്ഷകൾ. പീറ്റേഴ്സന്റെ അഭാവത്തിൽ കോളിംഗ്വുഡ് ഉണർന്ന് കളിക്കുമെന്നാണ് ക്യാപ്ടൻ സ്ട്രോസിന്റെ പ്രതീക്ഷ.

അതേസമയം സ്വന്തം കാണികൾക്ക് മുന്നിൽ നാണംകെട്ടോടേണ്ട ഗതികേട് വരുത്താതിരിക്കാൻ ആവനാഴിയിലെ സർവ്വ അസ്ത്രങ്ങളുമെടുത്താകും ഷാക്കിബ് അൽഹസനും കൂട്ടരും പോരിനിറങ്ങുക.

ചാമ്പ്യൻസ് ലീഗ് : എ.സി മിലാൻ പുറത്ത്

ടോട്ടൻഹാം 0 - എ.സി മിലാൻ 0

ലണ്ടൻ : യുവേഫ ചാമ്പ്യൻസ് ലീഗിന്റെ രണ്ടാംപാദ മത്സരത്തിൽ ടോട്ടൻ ഹാമിനോട് ഗോൾരഹിത സമനിലയിൽ പിരിഞ്ഞ ഇറ്റാലിയൻ ക്ളബ് എ.സി മിലാൻ പുറത്തായി. ആദ്യപാദ മത്സരത്തിൽ ഏക ഗോളിന് വിജയം നേടിയിരുന്ന ഇംഗ്ലീഷ് ടോട്ടൻഹാം ക്വാർട്ടറിലെത്തുകയും ചെയ്തു. സ്വന്തം കളിമുറ്റത്ത് നിരവധി അവസരങ്ങൾ പാഴാക്കിയ ശേഷമാണ് എ.സി സമനില വഴങ്ങി പുറത്തായത്. മറ്റൊരു രണ്ടാം പാദമത്സരത്തിൽ സ്പാനിഷ് ക്ളബ് വലൻസിയയെ 3-1 ന് തകർത്ത് ജർമ്മൻ ക്ളബ് ഷാൽക്കെ ക്വാർട്ടറിലേക്ക് കടന്നു. ആദ്യപാദ മത്സരത്തിൽ ഇരുടീമുകളും ഓരോ ഗോൾ വീതം നേടിയിരുന്നു. രണ്ടാംപാദത്തിൽ ഷാൽക്കെയ്ക്കുവേണ്ടി ജെഫേഴ്സൺ ഫാഫാൻ ഇരട്ടഗോളടിച്ചു. മരിയോ ഗൗരോ നോവിക് ഒരു ഗോൾ നേടി. 17-ാം മിനിട്ടിൽ റിക്കാർഡോ കോസ്റ്റയിലൂടെ മുന്നിലെത്തിയിട്ടും വലൻസിയ തോൽക്കുകയായിരുന്നു.

ഫോലാന് കല്യാണം

ബ്യൂണസ് അയേഴ്സ് : ഉറുഗ്വേ ഫുട്ബാളർ ഡീഗോ ഫോലാൻ വിവാഹിതനാകുന്നു. കാമുകിയും അർജന്റീനിയൻ മോഡലുമായ സൈറ നാറയാണ് വധു.

സോംദേവിനും രോഹനും യോഗ്യത

ഇന്ത്യൻവെൽസ് : ഇന്ത്യൻ താരങ്ങളായ സോംദേവ് ദേവ്വർമ്മനും രോഹൻ ബൊപ്പണ്ണയും ഇന്ത്യൻ വെൽസ് ബി. എൻ. പി പാരിബാസ് ഓപ്പൺ ടെന്നിസിന്റെ ക്വാളിഫൈയിംഗ് റൗണ്ടിൽ വിജയം നേടി.

ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ : സൈന മുന്നോട്ട്

ലണ്ടൻ : ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ ആദ്യ റൗണ്ടിൽ ഇന്ത്യൻ താരം സൈന നെഹ്വാൾ തകർപ്പൻ വിജയം നേടി. ദക്ഷിണ കൊറിയയുടെ സിയുംഗ് ഹീബേയെ 34 മിനിട്ടുകൊണ്ട് 21-13, 21-16 നാണ് സൈന തോൽപ്പിച്ചത്. രണ്ടാം റൗണ്ടിൽ ചൈനീസ് തായ്പേയ്യുടെ സു ഇംഗ്തായ്യാണ് സൈനയുടെ എതിരാളി.

പുരുഷസിംഗിൾസിൽ ഇന്ത്യയുടെ അജയ് ജയറാം, വി. കാശ്യപ്, ആനന്ദ് പവാർ എന്നിവർ തോറ്റു.ജർമ്മനിയുടെ മാർക്ക് സ്വീബ്ളറാണ് കാശ്യപിനെ തോൽപ്പിച്ചത്. ഡബിൾസിൽ ആദ്യ റൗണ്ട് മലയാളിതാരം സനേപ് തോമസ്-രൂപേഷ് കുമാർ സഖ്യം മലേഷ്യയുടെ തേയ്ക്ക് ചായ്-ഷെൻടൻ സഖ്യത്തെ തോൽപ്പിച്ചു. മിക്സ്ഡ് ഡബിൾസിൽ ജ്വാലഗുട്ട-ദിജു സഖ്യവും വിജയം നേടി.